പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം: 3001

20/12/2012-ൽ മറുപടി നൽകേണ്ടത്

## ഹാരിസൺ മലയാളം ലിമിറ്റഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഹൈക്കോടതി വിധി അനുസരിച്ച് ഹാരിസൺ മലയാളം ലിമിറ്റഡിന്റെ 835 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ; | (എ) ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനായി സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളിലെ സീനിയർ ഓഫീസർമാരെ ഉൾപ്പെടുത്തി ഒരു ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ടി ദ്രുതകർമ്മസേന ഓരോ ജില്ലയിലും സന്ദർശനം നടത്തുകയും ടി കമ്പനി ബഹു.ഹൈക്കോടതിയെ ധരിപ്പിച്ച സർവ്വെ നമ്പരുകളിലെ പലതും വനഭൂമിയും സ്വകാര്യ കൈവശഭൂമിയും ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി കമ്പനിയുടെ കൈവശമുള്ള ആധാരങ്ങൾ വ്യാജമാണെന്ന കാര്യം സർക്കാർ പരിശോധിച്ച് ബഹു.ഹൈക്കോടതിയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ടി ആധാരങ്ങളിൽ പറയുന്ന സർവ്വെ നമ്പരുകൾ കൃത്രിമമാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ കൂടുതൽ പരിശോധന നടത്തി ഭൂമി ഏറ്റെടുക്കൽ നടപടി തുടർന്നു വരുന്നു. കൊല്ലം, പത്തനംതിട്ട, ഇടുക്കി, വയനാട്, എന്നീ ജില്ലകളിൽ നിന്നും ഏറ്റെടുത്ത ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | ജില്ല | ഏറ്റെടുക്കേണ്ടതായ ഭൂമിയുടെ വിസ്തീർണ്ണം | ഏറ്റെടുത്ത ഭൂമിയുടെ വിസ്തീർണ്ണം |
|---|---|---|---|
| 1 | കൊല്ലം | 383.74 ഏക്കർ | 246.00 ഏക്കർ |
| 2 | പത്തനംതിട്ട | 25.21 ഏക്കർ | 25.21 ഏക്കർ |
| 3 | ഇടുക്കി | 127.01 ഏക്കർ | 127.01 ഏക്കർ |
| 4 | വയനാട് | 298.57 ഏക്കർ | 16.50 ഏക്കർ |
| | ആകെ | 834.53 ഏക്കർ | 414.72ഏക്കർ |

===================

(ബി)ഏറ്റെടുക്കുന്നതിന് മറ്റ് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ ;

(ബി) പ്രസ്തുത കമ്പനി കൈവശം വയ്ക്കുന്ന ആധാരങ്ങൾ വ്യാജമായതിനാൽ അവയിൽ പരാമർശിക്കുന്ന സർവ്വെ നമ്പരുകൾ മറ്റേതെങ്കിലും ഭൂമിയുടേയോ, വനംമേഖലയിലെയോ മറ്റ് സർക്കാർ റോഡ്, പുഴ എന്നിവയുടേയോ ആണെന്ന കാര്യം, O.P(C) 3508/11- ാം നമ്പർ കേസിലെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് വയനാട്, കൊല്ലം ജില്ലകളിൽ നിന്നും കോടതി നിർദ്ദേശിച്ച സർവ്വെ നമ്പരുകളിൽ നിന്നും ഭൂമി ഏറ്റെടുക്കാൻ കഴിയാതെ പോയത്.

(സി) ഇല്ലെങ്കിൽ ഏറ്റെടുക്കൽ ത്വരിതപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(സി) മുഴുവൻ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി വനം വകുപ്പിനും, സർവ്വെ വകുപ്പിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു.

(ഡി) ഇതിന് സർക്കാർ സ്വീകരിച്ച നപടി വിശദമാക്കുമോ?

(ഡി) സർക്കാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത O.P.(C) 3508/11- ാം നമ്പർ കേസിലെ 06/08/2012ലെ ഉത്തരവു പ്രകാരം ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശത്തു നിന്നും 834.53 ഏക്കർ ഭൂമി ഏറ്റെടുക്കാൻ നിർദ്ദേശിച്ചു. കൊല്ലം, പത്തനംതിട്ട, ഇടുക്കി, വയനാട്, എന്നീ ജില്ലകളിൽ, വിവിധ സർവ്വെ നമ്പരുകളിൽ മിച്ചഭൂമിയായി പ്രഖ്യാപിച്ച 1845.22 ഏക്കറിൽ തർക്കങ്ങളിൽപ്പെടാത്ത 834.53 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിൽ എതിർപ്പില്ലെന്ന് കമ്പനി ബഹു.ഹൈക്കോടതിയിൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ബഹു.ഹൈക്കോടതി ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി ഭൂമി ഏറ്റെടുക്കുന്ന കാര്യം ത്വരിതപ്പെടുത്തുന്നതിനായി സ്റ്റേറ്റ് ലാൻഡ് ബോർഡ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളിലെ സിനീയർ ഓഫീസർമാരെ ഉൾപ്പെടുത്തി ഒരു ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്.

ദ്രുതകർമ്മസേന ഓരോ ജില്ലയിലും സന്ദർശനം നടത്തുകയും ടി കമ്പനി ബഹു.ഹൈക്കോടതിയെ ധരിപ്പിച്ച സർവ്വെ നമ്പരുകളിലെ പലതും വനഭൂമിയും സ്വകാര്യ കൈവശഭൂമിയും ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി കമ്പനിയുടെ കൈവശമുള്ള ആധാരങ്ങൾ വ്യാജമാണെന്ന കാര്യം സർക്കാർ പരിശോധിച്ച് ബഹു.ഹൈക്കോടതിയെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ടി ആധാരങ്ങളിൽ പറയുന്ന സർവ്വെ നമ്പരുകൾ കൃത്രിമമാണെന്ന് കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ടി സ്റ്റേറ്റ്മെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കാൻ ബുദ്ധിമുട്ടുള്ളതായി മനസ്സിലായിട്ടുണ്ട്. ടി കമ്പനി കൈവശം വയ്ക്കുന്ന മുഴുവൻ ഭൂമിയും സർക്കാർ ഭൂമിയായതിനാൽ കൂടുതൽ പരിശോധന നടത്തി ഭൂമി ഏറ്റെടുക്കൽ നടപടി തുടർന്നു തിരു.നാ.കൊല്ലം, പത്തനംതിട്ട, ഇടുക്കി, വയനാട്, എന്നീ ജില്ലകളിൽ നിന്നും ഇതുവരെ 414.72 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ